ഇപ്രകാരം അനുമതി നൽകിയ ഡിസ്പെൻസറികളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളാണ് നിലവിൽ തുടങ്ങുവാൻ ഉദ്ദേശിക്കുന്നത്.

ഒല്ലൂർ നിയോജകമണ്ഡലത്തിൽ ആരോഗ്യ വകുപ്പ് നടപ്പാക്കിയ പദ്ധതികൾ

19 (466) ശ്രീ. രാജാജി മാത്യു തോമസ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒല്ലൂർ നിയോജക മണ്ഡലത്തിൽ ആരോഗ്യവകുപ്പ് മുഖേന നടപ്പാക്കിയ പദ്ധതികൾ ഏതെന്നും അവ ഓരോന്നിനും ചെലവഴിച്ച തുക എത്രയാണെന്നും വിശദമാക്കുമോ ?

ഉത്തരം

ഒല്ലൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളും ആയതിനു ചെലവാക്കിയ തുകയും സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

നൂറനാട് ലെപ്രസി സാനിട്ടോറിയത്തിലെ പേഷ്യന്റ് എംപ്ലോയീസിന്റെ ആവശ്യങ്ങൾ

20 (467) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നൂറനാട് ലെപ്രസി സാനിറ്റോറിയത്തിലെ പേഷ്യന്റ് എംപ്ലോയീസ് വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് അധികാരികൾക്ക് നൽകിയ നിവേദനത്തിലെ ആവശ്യങ്ങൾ അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) പേഷ്യന്റ് എംപ്ലോയീസിന്റെ കൂലി വർദ്ധന നടപ്പാക്കുന്നതിന് എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ;

(സി) പേഷ്യന്റ് എംപ്ലോയീസിന്റെ നിലവിലുള്ള ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിന് എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ;

(ഡി) മറ്റു കുഷ്ഠരോഗാശുപത്രികളിൽ നൽകുന്ന ആനുകൂല്യങ്ങൾ നൂറനാട് ലെപ്രസി സാനിറ്റോറിയത്തിലെ പേഷ്യന്റ്സ് എംപ്ലോയീസിന് നൽകാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇക്കാര്യം പരിശോധിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(സി) ഇപ്പോഴുള്ള പേഷ്യന്റിന് ആനുപാതികമായി സ്റ്റാഫുകൾ നിലവിലുള്ളതിനാൽ കൂടുതൽ പേഷ്യന്റ് എംപ്ലോയിസിനെ നിയമിക്കേണ്ടതിന്റെ ആവശ്യകത ഇപ്പോൾ ഇല്ല.

(ഡി) മറ്റ് കുഷ്ഠരോഗാശുപത്രികളിൽ നൽകുന്ന ആനുകൂല്യങ്ങൾ നൂറനാട് ലെപ്രസി സാനിട്ടോറിയത്തിലെ പേഷ്യന്റ് എംപ്ലോയീസിനും നൽകിവരുന്നുണ്ട്.

കാസർകോട് ജില്ലാശുപത്രിയിൽ ഹൃദ്യോഗ ചികിത്സയ്ക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ

21 (468) ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർകോട് ജില്ലാശുപത്രിയിൽ ഹൃദ്രോഗചികിത്സയ്ക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുമോ ;

(ബി) അവിടെ ആവശ്യമായ സിവിൽ സർജൻ ഉൾപ്പെടെയുള്ള സ്പെഷ്യലിസ്റ്റുകളെ നിയമിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലാശുപത്രിയിൽ ഹൃദ്രോഗ ചികിത്സയ്ക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ നിലവിലുണ്ട്. ഫിസിഷ്യന്റെ നേതൃത്വത്തിലുള്ള ഐ.സി.-യു പ്രവർത്തനങ്ങളും ഹൃദ്രോഗ ചികിത്സകളും നടക്കുന്നുണ്ട്.

(ബി) ഒഴിവുള്ള തസ്തികകൾ നികത്തുന്നതിനുള്ള സത്വര നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആവശ്യത്തിന് സ്പെഷ്യാലിസ്റ്റുകൾ ലഭ്യമല്ലാത്തതിനാലാണ് പ്രസ്തുത തസ്തികകളിലേക്കുള്ള നിയമനം വൈകുന്നത്.

തിരൂരങ്ങാടി ആശുപത്രിയിൽ ഓർത്തോപീഡിക് ഡോക്ടറുടെ സേവനം ലഭ്യമാക്കുന്നതിന് നടപടി

22 (469) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരൂരങ്ങാടി ആശുപത്രിയിൽ നിലവിലുള്ള സൈക്യാട്രി ഡോക്ടറുടെ തസ്തികയ്ക്ക് പകരം ഓർത്തോപീഡിക് ഡോക്ടറുടെ സേവനം ലഭ്യമാക്കണമെന്ന ജനപ്രതിനിധികളുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം ;

(ബി) പ്രസ്തുത ആവശ്യം നടപ്പാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly